## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 756 — 09.08.2017-ൽ മറുപടിക്ക്

### ആദിവാസി മേഖലകൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) ആദിവാസി മേഖലകൾക്ക് സ്വയംഭരണാവകാശം നൽകുന്ന കേന്ദ്രനിയമമായ പെസ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ; | എ) യും ബി) യും സി) യും ഡി) യും<br>ഇല്ല.<br>'പെസ' സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലാത്തതിനാൽ 'പെസ'യുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിക്കുന്നതിനായി ഒരു പൊതുമാർഗ്ഗരേഖ തയ്യാറാക്കേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും, അതിനായി സ.ഉ (കൈ) നം.38/17/പജ.പവ.വി.വ തീയതി 17.05.2017 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, ഡയറക്ടർ, കില, ഡയറക്ടർ, കിർത്താഡ്സ് എന്നിവർ മെമ്പർമാരായും ഒരു ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമത്തിൻകീഴിൽ കൊണ്ടുവരേണ്ട പ്രദേശങ്ങൾ അന്തിമമായി തീരുമാനിച്ച് നിയമം നടപ്പിലാക്കുന്നതാണ്. |
| ബി) പ്രസ്തുത നിയമം നടപ്പിലാക്കിയാൽ സംസ്ഥാനത്തെ എത്ര ആദിവാസി ഊരുകൾ സ്വയംഭരണ പ്രദേശങ്ങളാകും; ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; | |
| സി) ഷെഡ്യൂൾഡ് ഏര്യാസ് (കേരള സ്റ്റേറ്റ്) ഓർഡർ 2015 ചട്ടം രൂപീകരിച്ചിട്ടുണ്ടോ ; | |
| ഡി) പ്രസ്തുത ചട്ടപ്രകാരം പട്ടികപ്രദേശങ്ങളെ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ